കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വടകര നഗരസഭ-വ്യവസായ എസ്റ്റേറ്റ് പ്ളോട്ടുകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.397/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 13-2-2013

**പരാമർശം :-**

1. വടകര നഗരസഭയുടെ 22/12/2011 ലെ 28-ാം നമ്പർ തീരുമാനം
2. വടകര നഗരസഭയുടെ 20/03/2012 ലെ 22-ാം നമ്പർ തീരുമാനം
3. വടകര നഗരസഭ സെക്രട്ടറിയുടെ 20/07/2012 ലെ ആർ7 16146/07 നമ്പർ കത്തുകൾ
4. നഗരകാര്യ ഡയറക്ടറുടെ 25/08/2012 ലെ ജി3 12223/12 നമ്പർ കത്ത്
5. വടകര നഗരസഭ സെക്രട്ടറിയുടെ 4/1/2013ലെ ആർ7 16146/07 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഐ.ഡി.എസ്.എം.ടി സ്കീമിൽ ഉൾപ്പെടുത്തി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി വടകര നഗരസഭയിൽപ്പെട്ട കരിമ്പനപ്പാലം എന്ന സ്ഥലത്തെ 1.8481 ഹെക്ടർ ഭൂമി വടകര നഗരസഭ അക്വയർ ചെയ്യുകയും സെന്റിന് 30000 രൂപ വില നിശ്ചയിച്ച് പത്രപരസ്യം മുഖേന വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനായി പ്ലോട്ടുകളായി തിരിച്ച് നൽകുകയും ചെയ്തിരുന്നു. ഭൂമി കിട്ടുന്നയാൾ വിലയുടെ 25% ആദ്യം ഒടുക്കേണ്ടതും ബാക്കി തുക 10 വർഷം കൊണ്ട് 8% പലിശയോടെ 20 അർദ്ധവർഷ ഗഡുക്കളായി ഒടുക്കണമെന്നും വീഴ്ച വരുത്തിയാൽ ഓരോ ഗഡുവിനും 24% പിഴപലിശ നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

മേൽപറഞ്ഞ പ്രകാരം വിതരണം ചെയ്ത പ്ളോട്ടുകളിൽ 12,14 നമ്പർ പ്ളോട്ടുകൾ ലഭിച്ച യഥാക്രമം ശ്രീ. ടി.പി.ചന്ദ്രൻ, ശ്രീ എം.പി.ഗോപാലൻ എന്നിവർക്ക്, അവർ പ്ളോട്ടുകളുടെ വില മൊത്തം ഒടുക്കിയതിനാൽ, വ്യവസായ പ്ളോട്ടുകളുടെ ഉടമസ്ഥാവകാശം സർക്കാരനുമതിയോടെ കൈമാറുന്നതിന് പരാമർശം (1),(2) പ്രകാരം വടകര നഗരസഭ തീരുമാനമെടുക്കുകയും ആയതിന്റെ പ്രകാരം അനുമതിക്കായി പരാമർശം (3) പ്രകാരം വടകര നഗരസഭാ സെക്രട്ടറി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു

പ്ളോട്ടിന്റെ വില, പലിശ, പിഴപലിശ എന്നീ ഇനത്തിൽ ശ്രീ ടി.പി.ചന്ദ്രൻ 12-ാം നമ്പർ പ്ലോട്ടിന് മൊത്തം 197043 രൂപയും 14 നമ്പർ പ്ളോട്ടിന് ശ്രീ.എം.പി.ഗോപാലൻ മേൽ ഇനങ്ങളിൽ മൊത്തം 452324 രൂപയും നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് പരാമർശം(5) പ്രകാരം വടകര നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടകര നഗരസഭ വക വ്യവസായ എസ്റ്റേറ്റിലെ റിസ 230/19 ൽപ്പെട്ട 5.28 സെന്റ് വിസ്തൃതിയുള്ള 12-ാം നമ്പർ പ്ളോട്ടിന്റെ ഉടമസ്ഥാവകാശം ശ്രീ ടി.പി.ചന്ദ്രനും റിസ 230/19 ൽപ്പെട്ട 12.85 സെന്റ് വിസ്തൃതിയുള്ള 14-ാം നമ്പർ പ്ലോട്ടിന്റെ ഉടമസ്ഥാവകാശം ശ്രീ.എം.പി.ഗോപാലനും 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215 (1) വകുപ്പ് പ്രകാരവും പ്ളോട്ടുകൾ വ്യവസായ ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥക്ക് വിധേയമായി കൈമാറുന്നതിന് വടകര നഗരസഭക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി.

**To**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി, വടകര നഗരസഭ 673101
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.